**നഗരാസൂത്രകന്റെ കാര്യാലയം**

**,ഇടുക്കി,685602 ഫോൺ നമ്പർ 0486-2235224**

Email – tpidk.lsgdplng@kerala.gov.in

**നടപടിക്രമം**

**(ഹാജർ : ശ്രീ. രാജേഷ് റ്റി.എൻ, നഗരാസൂത്രകൻ)**

വിഷയം :- നഗരാസൂത്രണ കാര്യാലയം, ഇടുക്കി – പെരുവന്താനം ഗ്രാമപഞ്ചായത്ത് – സ്കൂൾ കെട്ടിടത്തോട് ചേർന്ന് വാണിജ്യ കെട്ടിട നിർമ്മാണം – ലേ ഔട്ട് അപ്രൂവൽ സംബന്ധിച്ച്.

പരാമർശം:- President, De Paul Educational and Charitable Trust, Kallivayalil Pappan Memorial Public School, 35th Mile, Mundakkayam East 686 513 എന്നയാളുടെ 04/10/2021, 22/11/2021 എന്നീ തീയതികളിലെ അപേക്ഷയും പ്ലാനകളും.

**ഉത്തരവ് നമ്പർ: TCPIDK/ 237/2021 –D1 തീയതി : 02/12/2021**

പീരുമേട് താലൂക്ക് പെരുവന്താനം ഗ്രാമപഞ്ചായത്ത് പെരുവന്താനം വില്ലേജ് സർവ്വേ നമ്പർ 505/1-2, 513/1-3-1, 505/2, 513/2-1-1, 513/2-2, 513/4-1-13, 513/1-2 എന്നിവയിൽ ഉൾപ്പെടുന്ന 13181 ച.മീ. വിസ്തൃതിയുള്ള സ്ഥലത്ത് താഴെ പട്ടികയിൽ വിവരിക്കുന്ന 5188.78 ച.മീ. വിസ്തൃതിയുള്ള നിലവിലുള്ള കെട്ടിടങ്ങളിൽ ക്രമനമ്പർ 1 ആയി പരാമർശിക്കുന്ന സ്കൂൾ കെട്ടിടത്തിനോട് ചേർന്ന നിലവിലുള്ള 221.62 ച.മീ. വിസ്തൃതിയുള്ള പട്ടികയിൽ 5 ആം ക്രമ നമ്പർ ബാങ്ക് കെട്ടിടം പൊളിച്ച് നീക്കി 522.46 ച.മീ. വിസ്തൃതിയുള്ള നിർമ്മാണം പട്ടികയിൽ ഒന്നാം ക്രമനമ്പറായി കാണിക്കുന്ന സ്കൂൾ കെട്ടിടത്തോട് ചേർത്ത് നിർമ്മാണം നടത്തി 4308.79 ച.മീ. വരുന്ന സ്കൂൾ കെട്ടിടവും പട്ടികയിൽ ക്രമനമ്പർ 2,3,4 ആയി പരാമർശിക്കുന്ന നിലവിലുള്ള നിർമ്മാണങ്ങളും ഉൾപ്പെടെ 5489.50 ച.മീ. ഉള്ള കെട്ടിടങ്ങളുടെ ലേ ഔട്ടിനും യൂസേജ് ഓഫ് പ്ളോട്ടിനും പരാമർശ പ്രകാരം ലഭ്യമായിട്ടുള്ള അപേക്ഷകളും പ്ലാനുകളും പരിശോധിച്ച് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 2019 ചട്ടം 5(6) പ്രകാരം പരിശോധന നടത്തി ചട്ടം 30 (C) പ്രകാരം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി Usage of plot and lay out of building ന് അംഗീകാരം നൽകി ഉത്തരവാകുന്നു.

**പട്ടിക**

| ക്രമനമ്പർ | കെട്ടിടത്തിന്റെ പേര്, നമ്പർ | നിലകളുടെ എണ്ണം | Built up Area | നിലവിലുള്ള ഉപയോഗം |
|---|---|---|---|---|
| നിലവിലുള്ളവ | | | | |

| | | | | |
|---|---|---|---|---|
| 1 | സ്കൂൾ XIV/196,197,198 199,200,201 | GF Lower Level – 1,2 GF + FF | 4008.07 | ഗ്രൂപ്പ് ബി. സ്കൂൾ |
| 2 | ഓഡിറ്റോറിയം XIV/204 | 1 | 1046.35 | ഗ്രൂപ്പ് ഡി. |
| 3 | ഷെഡ് | 1 | 128.38 | അനുബന്ധം |
| 4 | ടോയ് ലെറ്റ് | 1 | 5.98 | അനുബന്ധം |
| Total | | | 5188.78 | |
| **പൊളിച്ച് നീക്കം ചെയ്യുന്നവ** | | | | |
| 5 | ക്രമ നമ്പർ 1 സ്കൂൾ കെട്ടിടത്തിന്റെ ഭാഗം-കൊമേഴ്സ്യൽ (Bank) XIV/204/A | To be demolished | (-) 221.62 | Commercial |
| **നിലവിലുള്ള സ്കൂൾ കെട്ടിടത്തോട് കൂട്ടി ചേർക്കുന്ന വിഭാവിത നിർമാണം** | | | | |
| 6 | Proposed | GF LLevel-1,2+ GF | 522.34 | |
| Total (Proposed + Existing) | | | 5489.50 | |

1. താഴെപ്പറയുന്ന നിബന്ധനകൾ പൂർണമായും പാലിച്ചിട്ടുണ്ടെന്നും, നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി /എൻ.ഒ.സി (കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 (KPBR-2019), ചട്ടം5(4) കാണുക) എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമാണാനുമതി/ഒക്കുപ്പേൻസി നൽകുവാൻ പാടുള്ളൂ

2. വിഭാവിത നിർമാണം ഉൾപ്പെടുന്ന കെട്ടിടത്തിലേക്ക് ഉള്ള പ്രവേശനമാർഗ്ഗം ചട്ടം 28 (1) പ്രകാരം വീതിയിൽ സ്ഥലത്തു ലഭ്യമാക്കിയിരിക്കണം എന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.

3. നിർമ്മാണങ്ങളുടെ ഭാഗമായി മണ്ണ് നീക്കം ചെയേണ്ടതുള്ള പക്ഷം ചട്ടം 10 പ്രകാരം ഉള്ള അനുമതികളും ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതിയും ലഭ്യക്കണം . മണ്ണ് നീക്കം ചെയ്ത ശേഷം മൺതിട്ട നിലനിർത്തുന്ന പക്ഷം ആയത് Retaining Wall കെട്ടി സംരക്ഷിച്ചിരിക്കണം.

4. വിഭാവിത നിർമ്മാണം നിലവിലുള്ള സ്കൂൾ കെട്ടിടത്തിന്റെ വിപുലീകരണവും കൂട്ടിച്ചേർക്കലും ആയതിനാലും പൊളിച്ച് നീകുന്ന കെട്ടിടം സ്കൂൾ കെട്ടിടത്തിനോടു ചേർന്ന് സ്ഥിതിചെയ്യുന്നതിനാലും നിലവിലുള്ള സ്കൂൾ കെട്ടിടത്തിന്റെ ഘടനാപരമായ ദൃഢത ഉറപ്പ് വരുത്തി മാത്രമേ കൂട്ടിച്ചേർക്കലും പൊളിച്ച് നീക്കലും നടത്താവൂ. നിർമ്മാണ സമയത്ത് ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ നൽകേണ്ടതാണ്.

5. കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 (KPBR-2019), ചട്ടം 9(2) പ്രകാരം പ്ലോട്ടിൻറെ ഉടമസ്ഥത, സർവ്വേ നമ്പർ, തരം, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകരുടെ നിർമ്മാണാവകാശം, നിർദിഷ്ട നിർമ്മാണസ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപെട്ടിട്ടില്ലായെന്നും ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധിച്ച ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ബോദ്ധ്യപ്പെട്ടിരിക്കണം.

6. പ്ലാനിൽ കാണിച്ചിരിക്കുന്ന നിലവിലുള്ള കെട്ടിട ഭാഗങ്ങളുടെ കെട്ടിട നമ്പർ , ഉപയോഗം (Occupancy Group), അളവുകൾ, വിസ്തീർണ്ണം എന്നിവ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ രേഖകൾ പരിശോധിച്ച് ശരിയാണെന്നും ആയവ നിയമാനുസൃതം ആണ് എന്നും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഉറപ്പ് വരുത്തണം.

7. നിർമ്മാണം കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 (KPBR-2019) നും, അനുബന്ധ ഭേദഗതികൾക്കും , ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

8. കെ.പി.ബി.ആർ 2019 ചട്ടം 79(എ) പ്രകാരമുള്ള Management of construction and demolition waste നും ഉള്ള സംവിധാനം നൽകേണ്ടതാണ്.

9. ഈ ഉത്തരവ് നിർമ്മാണം ആരംഭിക്കുന്നതിനുള്ള അനുമതിയല്ല . കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായ നിർമ്മാണം / വികസന അനുമതി ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

Signature Not Verified
Digitally signed by RAJESH T N
Date: 2021.12.02 15:46:25 IST
Reason: Approved

**RAJESH T N, TP TPIDK, O/o TP TPIDK**

ഉള്ളടക്കം ; പ്ലാനിന്റെ പകർപ്പ്

പകർപ്പ്: 1. അപേക്ഷകൻ
2. കരുതൽ ഫയൽ
3 അധികം